## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5013. 24.07.2015 ന് മറുപടിയ്ക്ക്.

### നേഴ്സുമാർക്ക് നൈപുണ്യ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എം.പി.വിൻസെൻറ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) നേഴ്സുമാർക്ക് നൈപുണ്യ പരിശീലനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) സ്വകാര്യമേഖലയിലെ പരിചയസമ്പന്നരുമായി സഹകരിച്ച് നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്താനായി തിരുവനന്തപുരത്ത് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചു വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം, എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര-ആഭ്യന്തര തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണം ചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE ന്റെ ലക്ഷ്യങ്ങൾ. അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമോ ബിരുദധാരികളോ ആയ പരിചയ സമ്പന്നരായ നഴ്സുമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി രൂപ കല്പന ചെയ്തിട്ടുള്ളതാണ്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) ന വേണ്ടി തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും മറ്റു അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ